# பெருங்கடல் தொழில்நுட்பத்திற்க்காக தமிழக விஞ்ஞானிக்கு தேசிய விருது



# ഡോ. എം.എ. ആത്മാനന്ദിന് ദേശീയപുരസ്കാരം

**കോഴിക്കോട്** ▸ ചെന്നൈയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജി ഡയറക്ടറും പാലക്കാട് സ്വദേശിയുമായ ഡോ. എം.എ. ആത്മാനന്ദിന് പ്രവർത്തനമികവിനുള്ള ഭൗമശാസ്ത്ര മന്ത്രാലയത്തിന്റെ ദേശീയ പുരസ്കാരം ലഭിച്ചു. ഇന്ത്യയുടെ ആഴക്കടൽ സാങ്കേതിക മേഖലയിൽ നിർണായകമായ സംഭാവനകൾ നൽകിയ ഡോ. ആത്മാനന്ദ് പോളാർ റിമോട്ട് ഓപ്പറബിൾ വെഹിക്കിൾ വികസിപ്പിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചു. അൻറാർട്ടിക്കയിലെ പോളാർ ആർ.ഒ.വി. പരീക്ഷണം, തമിഴ്നാട്ടിലെയും പുതുച്ചേരിയിലെയും തീരസംരക്ഷണം, ലക്ഷദ്വീപിലെ ഡീസലൈനേഷൻ പ്ലാന്റുകൾ സ്ഥാപിക്കൽ തുടങ്ങിയ വൻകിട പദ്ധതികൾക്ക് നേതൃത്വം നൽകി. സമുദ്രഗവേഷണത്തിനും ജലസംവിധാനത്തിനും പുറമേ വ്യാവസായിക രംഗത്തും ഇദ്ദേഹത്തിന്റെ കണ്ടെത്തലുകൾ പ്രയോജനപ്പെട്ടിട്ടുണ്ട്.



ഡോ. എം.എ. ആത്മാനന്ദ്

2018-ലെ നാഷണൽ സോഷ്യൽ ഇന്നൊവേഷൻ അവാർഡ്, ഓഷ്യാനിക് എൻജിനിയറിങ് സൊസൈറ്റിയുടെ 2016-ലെ പ്രസിഡൻഷ്യൽ അവാർഡ്, 2010-ലെ ഖനനമന്ത്രാലയത്തിന്റെ ദേശീയ ജിയോ സയൻസ് അവാർഡ് എന്നിവ നേടിയിട്ടുണ്ട്. ദേശീയ-അന്തർദേശീയ തലത്തിൽ 144 പ്രബന്ധങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. ഇൻറർഗവൺമെൻറൽ ഓഷ്യനോഗ്രഫിക് കമ്മിഷന്റെ റീജ്യണൽ ചെയർമാനാണ്.

കോഴിക്കോട് സ്വദേശിനി അനിത ഭാര്യയും അച്യുത് (പാരീസ്) മകനുമാണ്.

https://www.mathrubhumi.com/print-edition/kerala/dr-m-a-atmanand-honoured-with-national-award-of-excellence-in-ocean-technology-1.4941536